പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1774 | 12.06.2019 ൽ മറുപടിയ്ക്ക്

## അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അനിൽ അക്കര<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോൺട്രാക്ട് ക്യാരേജ് വ്യവസ്ഥയിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ യാത്രക്കാരിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായും അവരോട് വളരെ മോശമായി പെരുമാറുന്ന തായുമുള്ള പരാതികൾ ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ; | (എ) | അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ യാത്രക്കാരിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് നിലവിലെ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. ആയത് നിശ്ചയിക്കുന്നതിന് Fare revision Commission ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശേഷ അവസരങ്ങളിൽ സാധാരണ നിരക്കിൽ കൂടുതൽ വാങ്ങാതിരിക്കാൻ പരിശോധന നടത്താറുണ്ട്. യാത്രക്കാരോട് അപമര്യാദ യായി പെരുമാറിയതുമായി ബന്ധപ്പെട്ട് മരട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 698/2019 ആയി കേസ് രജിസ്റ്റർ ചെയ്തതായി അറിയുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം സർവ്വീസുകൾ നടത്തു ന്നവരെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം എന്തൊക്കെയാണ്; അവ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഇത്തരം സർവ്വീസുകൾ നിയന്ത്രിക്കുന്നതിനായി 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രി പരിശോധന ആരംഭിച്ചിട്ടുണ്ട്. 06.06.2019 വരെ 7,991 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സർവ്വീസ് നടത്തുന്നവരുടെ കുത്തക അവസാനിപ്പിക്കുന്നതിന് ബംഗളൂരു ഉൾപ്പെടെയുള്ള അയൽസംസ്ഥാന നഗര ങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിനായി മൾട്ടി ആക്സിൽ ബസുകൾ വാടകയ്ക്ക് എടുക്കു ന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനി ച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ബസ്സുകൾ വാടകയ്ക്ക് എടുത്ത് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി നടപടികൾ ആരംഭിച്ചിട്ടുണ്ട്. 50 പ്രീമിയം എ.സി. മൾട്ടി ആക്സിൽ ബസ്സുകൾ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാക്കു ന്നതിന് 30-4-19-ൽ ദർഘാസ് ക്ഷണിച്ചിരുന്നെ ങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി ക്രമം പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ